**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2095** **06-07-2022 - ൽ മറുപടിയ്ക്ക്**

**കുന്നത്തുനാട് മണ്ഡലത്തിലെ വടവുകോട് സി.എച്ച്.സി.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി. ശ്രീനിജിൻ** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | വടവുകോട് സി.എച്ച്.സി.യിൽ നിന്ന് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി മറ്റ് സ്ഥാപനങ്ങളിലേക്ക് നിയോഗിക്കപ്പെട്ട ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ; | (എ) | വടവുകോട് സാമൂഹികാരോഗ്യ കേന്ദ്രത്തിൽ നിന്നും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി മറ്റ് സ്ഥാപനങ്ങളിലേക്ക് നിയോഗിക്കപ്പെട്ട ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിശദാംശം ചുവടെ കൊടുക്കുന്നു.<br>സിവിൽ സർജൻ – 1<br>സ്റ്റാഫ് നഴ്സ് ഗ്രേഡ് I – 1<br>സ്റ്റാഫ് നഴ്സ് ഗ്രേഡ് II – 1<br>നഴ്സിംഗ് അസിസ്റ്റന്റ് - 2 |
| (ബി) | കോവിഡ് വ്യാപനം കുറഞ്ഞ സാഹചര്യത്തിൽ പ്രസ്തുത ജീവനക്കാരെ വടവുകോട് സി.എച്ച്.സി.യിലേക്ക് തിരികെ നിയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ; | (ബി) | കോവിഡ് വ്യാപനം കുറയുന്ന മുറയ്ക്ക് പ്രസ്തുത ജീവനക്കാരെ വടവുകോട് സാമൂഹികാരോഗ്യ കേന്ദ്രത്തിലേക്ക് തിരികെ നിയോഗിക്കുന്നതും കിടത്തി ചികിത്സ പുനരാരംഭിക്കുന്നതുമാണ്. |
| (സി) | അമ്പതിലേറെ ബെഡുകൾ ലഭ്യമായ പ്രസ്തുത ആശുപത്രിയിൽ കിടത്തി ചികിത്സ പുനരാംരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ; | (സി) | കോവിഡ് വ്യാപനം കുറയുന്ന മുറയ്ക്ക് പ്രസ്തുത ജീവനക്കാരെ വടവുകോട് സാമൂഹികാരോഗ്യ കേന്ദ്രത്തിലേക്ക് തിരികെ നിയോഗിക്കുന്നതും കിടത്തി ചികിത്സ പുനരാരംഭിക്കുന്നതുമാണ്. |
| (ഡി) | പോസ്റ്റുമോർട്ടം ചെയ്യാനുള്ള പശ്ചാത്തല സൗകര്യം ഉള്ള പ്രസ്തുത ആശുപത്രിയിൽ പോസ്റ്റ്മോർട്ടം നടത്തുന്നതിനുള്ള അനുമതി ലഭ്യമാക്കുന്നതിന് നടപടികൾ കൈക്കൊള്ളുമോയെന്ന് അറിയിക്കാമോ? | (ഡി) | നിലവിൽ താലൂക്ക് ആശുപത്രി മുതൽ മുകളിലോട്ടുള്ള സ്ഥാപനങ്ങളിലാണ് പോസ്റ്റ്മോർട്ടം നടന്നുവരുന്നത്. |

സെക്ഷൻ ഓഫീസർ